# MALANKARA CATHOLIC CHURCH

## ARCHDIOCESE OF TIRUVALLA

**Most Rev. Dr. Thomas Mar Koorilos**
Metropolitan Archbishop of Tiruvalla

Archbishop's House
Marygiri, P. B. No. 4
Tiruvalla - 689 101

**Circular No. 4 / 2014**

11-06-2014

**വന്ദ്യ കോർ എപ്പിസ്കോപ്പമാരേ, ബഹു. വൈദികരേ, സന്യസ്തരേ, സഹോദരങ്ങളേ!**

'കർത്താവേ അവിടുത്തെ ആത്മാവിനെ അയച്ചു ഭൂമിയുടെ മുഖം പുതുതാക്കണമേ' എന്ന അപേക്ഷ സാദ്ധ്യമാക്കിത്തന്ന പെന്തക്കുസ്തായുടെ അനുഭവത്തിൽ ആയിരിക്കുന്ന നിങ്ങൾ ഓരോരുത്തർക്കും ക്രിസ്തു യേശുവിൽ സ്നേഹ വന്ദനം. ഉയിർപ്പിനുശേഷമുള്ള 50 ദിനങ്ങൾ പ്രത്യേകിച്ചും സ്വർഗ്ഗാരോഹണ പെരുന്നാളിനു ശേഷമുള്ള 10 ദിനങ്ങൾ നിഷ്ഠയോടെ ആചരിച്ച് പരിശുദ്ധാത്മ ചൈതന്യത്തിൽ പുതുവ്യക്തിത്വത്തിന് ഉടമകളാകുവാൻ പരിശ്രമിക്കുന്ന ദൈവത്തിന്റെ സന്തോഷമായ ദൈവജനമേ , ദൈവം നിങ്ങളെ തുടർന്നും അനുഗ്രഹിക്കട്ടെ. 'പരിശുദ്ധാത്മാവിനെ വേദനിപ്പിക്കരുത്' എന്ന യോഹന്നാന്റെ സുവിശേഷ സന്ദേശം നമുക്കുൾക്കൊള്ളാം. മാടപ്രാവുസമം, നാം പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നില്ലെങ്കിൽ പരിശുദ്ധാത്മാവ് നമ്മെ വിട്ടകന്നുപോകും. പരിശുദ്ധാത്മാവ് ഇല്ലാത്ത അവസ്ഥ മരണാവസ്ഥയാണ്. ഇതു ഭയാനകവുമാണ്. പ്രാർത്ഥനയും പരിത്യാഗവും കൂദാശ സ്വീകരണവും വഴി നമുക്കു പരിശുദ്ധാത്മാവിന്റെ ആലയങ്ങളാകുവാൻ പരിശ്രമിക്കാം. നമ്മുടെ വിചിന്തനത്തിനും കൂട്ടായ വളർച്ചയ്ക്കുമായി ചില കാര്യങ്ങൾ താഴെ സൂചിപ്പിക്കുന്നു. അവ ശ്രദ്ധാപൂർവ്വം ഉൾക്കൊണ്ട് സഭാജീവിതം കൂടുതൽ ധന്യമാക്കണം.

1. ഭാഗ്യസ്മരണാർഹനും പുണ്യശ്ലോകനുമായ നമ്മുടെ പിതാവ് യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ 125-ാം ജന്മവർഷത്തിൽ വരുന്ന 58-ാം ഓർമ്മതിരുനാൾ ഏറെ ഭക്തിനിർഭരമായി ആചരിക്കപ്പെടുന്നു. 26-ാം തീയതി പതിവുപോലെ പദയാത്രകളും കബറിങ്കൽ ധൂപപ്രാർത്ഥനയും (6.30 പി.എം) 27-ാം തീയതി ഓർമ്മതിരുനാളും ആഘോഷിക്കപ്പെടുന്നു. അന്നേ ദിവസം തന്നെ കോർ എപ്പിസ്കോപ്പാ സ്ഥാനാരോഹണശുശ്രൂഷകളും നടത്തപ്പെടുന്നു. എല്ലാ വൈദികർക്കും സമൂഹബലിയിൽ പങ്കുകൊള്ളാൻ സാധിക്കും. രാവിലെ 8 മണിയോടുകൂടി ആരംഭിക്കുന്ന ശുശ്രൂഷകൾ വിശുദ്ധ കർമ്മങ്ങൾക്കു ശേഷം ഉച്ചഭക്ഷണത്തോടുകൂടി പര്യവസാനിക്കുന്നതാണ്. എല്ലാവരുടെയും സാന്നിദ്ധ്യവും സഹകരണവും പദയാത്രയിലും വി. ശുശ്രൂഷകളിലും പ്രത്യേകം അഭ്യർത്ഥിക്കുന്നു.

2. അതിരൂപതയെ സംബന്ധിച്ച് ഏറെ അഭിമാനാർഹമായ നിമിഷങ്ങളിലൂടെ കടന്നുപോകുകയാണല്ലോ. അതിരൂപത വൈദികസംഘത്തിലെ ബഹു. ഏബ്രഹാം ചാക്കോ നരിമറ്റത്തിലച്ചനും ബഹു. തോമസ് കൊടിനാട്ടുംകുന്നേലച്ചനും കോർ എപ്പിസ്കോപ്പാമാരായി വാഴിക്കപ്പെടുകയാണ്. അതിലേക്കുള്ള ക്ഷണക്കത്തുകൾ ഇതിനകം ലഭിച്ചിരിക്കുമെന്ന് കരുതുന്നു. മുൻപു സൂചിപ്പിച്ചിരുന്നതുപോലെ അതിരൂപതയുടെ വളർച്ചയിലും അതിന്റെ ഗതി നിയന്ത്രിക്കുന്നതിലും ഏറെ സ്വാധീനവും സമർപ്പണവും നിർവ്വഹിച്ച ഈ രണ്ടു വൈദിക സഹോദരങ്ങളെയും ഈ മഹനീയ സ്ഥാനത്തേക്ക് ഉയർത്തുവാൻ പരി. സൂന്നഹദോസ് തീരുമാനിച്ചതിൽ അതിയായി സന്തോഷിക്കുന്നു. 27-ാം തീയതി നടക്കുന്ന പരിശുദ്ധ കർമ്മങ്ങൾക്ക് നമ്മുടെ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കബാവ മുഖ്യ കാർമ്മികത്വം വഹിക്കും. സഭയിലെ എല്ലാ പിതാക്കന്മാരുടെയും വൈദിക - സന്യസ്ത വിശ്വാസസമൂഹത്തിന്റെയും സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു. ഏവരെയും ഈ ശുശ്രൂഷകളിലേക്ക് സ്വാഗതം ചെയ്യുന്നു.

3. ബഹു. വർഗ്ഗീസ് വള്ളിക്കാട്ടിലച്ചൻ പി.ഒ.സി ഡയറക്ടർ, കെ.സി.ബി.സി ഡെപ്യൂട്ടി സെക്രട്ടറി, കേരള കത്തോലിക്ക സഭയുടെ വക്താവ് എന്നീ നിലകളിൽ നിയമിതനായിരിക്കുന്ന കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു. ഏറെ പ്രാധാന്യമുള്ള ഈ നിയോഗം ബഹു. അച്ചൻ നന്നായി നിർവ്വഹിക്കുവാൻ വേണ്ടി പ്രാർത്ഥിക്കാം. അച്ചൻ അതിരൂപതയിൽ നിർവ്വഹിച്ച എല്ലാ പ്രവർത്തനങ്ങൾക്കും നന്ദി അർപ്പിക്കുന്നു.

4. പുതിയ വർഷത്തിൽ വിവിധ കോഴ്സുകൾക്കായുള്ള അഡ്മിഷന്റെ തെരക്കുകളിലാണല്ലോ പല മാതാ പിതാക്കളും വിദ്യാർത്ഥികളും. കബളിപ്പിച്ചു പണം കൈക്കലാക്കുന്നവരുടെ കുതന്ത്രങ്ങൾ മനസ്സിലാക്കുവാൻ സാധിക്കണം. നമ്മുടെ സ്ഥാപനങ്ങളിലെ അഡ്മിഷൻ ഏറെ സുതാര്യമായി നിർവ്വഹിക്കപ്പെടുന്നു. ആരെങ്കിലും ഇവിടെ അഡ്മിഷൻ വാങ്ങിത്തരാമെന്നു പറഞ്ഞു സമീപിച്ചാൽ അതു കളവാണെന്ന് മനസ്സിലാക്കി പോലീസിൽ പരാതി നൽകേണ്ടതാണ്. ദൈവാനുഗ്രഹപ്രദമായ ഒരു വർഷം എല്ലാവർക്കും ഞാൻ ആശംസിക്കുന്നു.

5. നമ്മുടെ മലങ്കര സഹ്യജ്യോതി കോളജിന്റെ പണികൾ ധൃതിയായി മുമ്പോട്ടു പോകുന്നു. 2014 ൽ തന്നെ കോളജ് ആരംഭിക്കുന്നതിനുള്ള അംഗീകാരത്തിനായി പരിശ്രമിക്കുകയാണ്. നിങ്ങളുടെ പ്രാർത്ഥനയ്ക്കും സഹകരണത്തിനും പ്രത്യേകം നന്ദി അർപ്പിക്കുന്നു.

6. അതിരൂപതയിലെ കണക്കുകളുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾക്കൂടി ശ്രദ്ധിക്കേണ്ടതുണ്ട്.

**a.** നമ്മുടെ ഇടവകകളിലെ അക്കൗണ്ടുകൾ എല്ലാം തന്നെ അതിരൂപതയുടെ PAN number ൽ ആണ് പ്രവൃത്തിക്കുന്നത്. പല ഇടവകകളിലും ഉള്ള Fixed Deposit ന്റെ TDS അതാതു ബാങ്കുകൾ തന്നെ Income Tax Department നെ അറിയിക്കുകയാണ്. പള്ളിയുടെ കണക്ക് അരമനയിൽ തരുന്നതും പള്ളികളിൽ യഥാർത്ഥത്തിലുള്ളതും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. ഇതു IT Department അംഗീകരിക്കുകയില്ല. മാത്രമല്ല മറ്റു പല പ്രതികൂല തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ഇടയാക്കും. ആയതുകൊണ്ട് ഈ വർഷത്തെ കണക്കിൽ ചേർക്കുവാനായി Fixed Deposit ആയി ഇട്ടിട്ടുള്ള എല്ലാ Receipt കളും ജൂൺ 30 നു മുമ്പ് ഹാജരാക്കേണ്ടതാണ്. ഈ കാര്യങ്ങളുടെ ഗൗരവം മനസിലാക്കി ബഹു. അച്ചന്മാർ സഹകരിക്കണം.

**b.** ഏറെ വേദനിപ്പിക്കുന്ന മറ്റൊരു കാര്യമാണ് രണ്ടു തരത്തിൽ കണക്കുകൾ എഴുതുന്നത്. അരമനയിൽ സമർപ്പിക്കുന്ന കണക്കും യഥാർത്ഥത്തിലുള്ള കണക്കും ഒന്നായിരിക്കണം. ഞായറാഴ്ചയിലെ കാണിക്ക 1000 രൂപയോളം ശരാശരി വരുമ്പോഴും ദിനാചരണങ്ങളുടെ പിരിവുകൾക്കായി അരമനയിൽ അടയ്ക്കേണ്ട തുക 100 ഉം 125 ഉം ആയി എഴുതുന്ന ശൈലി നമ്മുടെ വിശ്വസ്തതയുടെയും വ്യക്തിത്വത്തിന്റെയും പ്രശ്നങ്ങൾ ആയി മാറുന്നു എന്നു തോന്നുന്നു. ഇടവകകൾക്ക് ആവശ്യമെങ്കിൽ ഏതൊരു കൺസഷനും ഞാൻ നൽകുന്നുണ്ട്. 2 രീതിയിൽ കണക്കുകൾ എഴുതുന്നതും സമർപ്പിക്കുന്നതും പാപമാണെന്ന് മനസിലാക്കണം. **മേലിൽ ഈ കാര്യങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യണമെന്ന് താത്പര്യപ്പെടുന്നു. വിട്ടുവീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണം.** ദൈവം അനുഗ്രഹിക്കട്ടെ !

പ്രാർത്ഥനയോടെ ക്രിസ്തുയേശുവിൽ നിങ്ങളുടെ സ്നേഹ ശുശ്രൂഷി

**✠ തോമസ് മാർ കൂറിലോസ്**

മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്, തിരുവല്ലാ അതിരൂപത